## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 3068 — 13/10/2011 – ൽ മറുപടിയ്ക്ക്

### ശ്രീ.ആർ. ബാലകൃഷ്ണപിള്ള അനധികൃതമായി ഗവൺമെന്റ് ചീഫ് വിപ്പിനെ ഫോൺ ചെയ്തത് സംബന്ധിച്ച് അന്വേഷണം

ചോദ്യം — ഉത്തരം

ശ്രീ. പി.കെ.ഗുരുദാസൻ — ശ്രീ. ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി)

| | |
|---|---|
| (എ) തടവിൽ കഴിയുന്നവർ ജയിലധികൃതരുടെ അറിവോടെയല്ലാതെ പുറത്തുള്ളവരുമായി ഫോണിൽ സംസാരിച്ചാൽ ലഭിക്കാവുന്ന ശിക്ഷയെക്കുറിച്ച് വിശദമാക്കാമോ; | (എ) കേരള പ്രിസൺ ആന്റ് കറക്ഷണൽ സർവ്വീസസ് മാനേജ്മെന്റ് ആക്റ്റ് 2010 നിയമത്തിലെ വകുപ്പ് 82 – ലെ ഉപവകുപ്പ് (എ) മുതൽ (എച്ച്) വരെ പ്രതിപാദിക്കുന്ന ശിക്ഷകൾ നൽകാവുന്നതാണ്. |
| (ബി) തടവിൽ കഴിയുന്ന സമയത്ത് മുൻമന്ത്രി ആർ.ബാലകൃഷ്ണപിള്ളയുടെ ഫോണിൽ നിന്ന് തന്റെ ഫോണിലേക്ക് വിളിച്ചതായി ഗവൺമെന്റ് ചീഫ് വിപ്പ് പ്രതികരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ശ്രീ.ആർ.ബാലകൃഷ്ണപിള്ളയുടെ മൊബൈൽ ഫോണിൽ നിന്നും അദ്ദേഹത്തിന്റെ ബന്ധുവായ ശ്രീ.മനോജ് ഗവൺമെന്റ് ചീഫ് വിപ്പുമായും അദ്ദേഹം തിരിച്ചും സംസാരിച്ചിട്ടുള്ളതായി ചീഫ് വിപ്പ് തന്നെ വെളിപ്പെടുത്തിയിട്ടുണ്ട്. |
| (സി) ഇതേക്കുറിച്ച് സർക്കാർ അന്വേഷണം നടന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ? | (സി) ഉദിക്കുന്നില്ല. |

സെക്ഷൻ ആഫീസർ